**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചേംബർ ഓഫ് മുൻസിപ്പൽ ചെയർമെൻ കേരള - നഗരസഭകളിൽ നിന്നുള്ള സാമ്പത്തികസഹായം വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. 3900/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 04/12/2017

---

പരാമർശം:- 1) 01.10.2011 ലെ സ.ഉ.(സാധാ.) നം. 2281/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2) ചേംബർ ഓഫ് മുൻസിപ്പൽ ചെയർമെൻ കേരള ചെയർമാന്റെ 14.09.2017-ലെ കത്ത്.

**ഉത്തരവ്**

ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെന്നിന് പരാമർശം (1) പ്രകാരം കേരളത്തിലെ നഗരസഭകൾ നൽകുന്ന സാമ്പത്തിക സഹായം മാസവരി തുക 1,000/- രൂപയാണെന്നും, ഈ തുക ദൈനംദിന ആവശ്യങ്ങൾക്കുപോലും അപര്യാപ്തമാണെന്നും, ജീവനക്കാരുടെ ശമ്പളം, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകാൻ മാസവരി തുക തികയുന്നില്ലെന്നും, സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ട് അറ്റകുറ്റപണികൾ നടത്താത്തതിനാൽ മുറികളുടെ അവസ്ഥയും ശോചനീയമാണെന്നും ആയതിനാൽ നിലവിലുള്ള മാസവരി തുക ആയിരം രൂപയിൽ നിന്നും 5,000/- രൂപ പ്രതിമാസം ആക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നും പരാമർശം (2) പ്രകാരം ചേംബർ ഓഫ് മുൻസിപ്പൽ ചെയർമെൻ കേരള ചെയർമാൻ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെന്നിന് നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്ന സാമ്പത്തിക സഹായം പ്രതിമാസം 1,000/- രൂപ എന്നതിനു പകരം 5,000/- (അയ്യായിരം രൂപ) രൂപയാക്കി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖാന്തരം)
ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമെൻ കേരള, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതക്കാട്, തിരുവനന്തപുരം.
റീജിയണൽ പെർഫോർമൻസ് ആഡിറ്റ് ഓഫീസർ കൊല്ലം/കൊച്ചി/കോഴിക്കോട്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ